**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2341** **07.02.2019-ൽ മറുപടിക്ക്**

**ദുരന്തനിവാരണ സെസ്സ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ ജി.എസ്.ടി.കൗൺസിലിൽ സംസ്ഥാനത്തിന് ദുരന്തനിവാരണ സെസ്സ് ഏർപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം; സെസ്സ് സംബന്ധിച്ച മറ്റ് വിശദാംശം നൽകാമോ; | (എ) | ഉണ്ട്. കോമ്പോസിഷൻ നികുതി സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരികളെ സെസ് ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്വർണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങൾ തുടങ്ങിയ ചരക്കുകൾക്ക് 0.25% വും ജി.എസ്.ടി നികുതി നിരക്ക് 12%, 18%, 28% എന്നീ പട്ടികയിൽ വരുന്ന ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും വിതരണത്തിന് വിതരണവിലയിൻമേൽ ഒരു ശതമാനം പ്രളയസെസ് രണ്ട് വർഷക്കാലയളവിലേക്ക് വിജ്ഞാപനം ചെയ്യപ്പെടുന്ന തീയതി മുതൽ ഈടാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | ദുരന്തനിവാരണ സെസ്സ് ഏർപ്പെടുത്തുന്നത് വിലക്കയറ്റം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് 28%, 18%, 12% എന്നീ നിരക്കുകളിൽപ്പെടുന്ന പല ചരക്കുകളുടെയും നികുതിനിരക്ക് കുറച്ചിട്ടുണ്ട്. ഇത്തരം നികുതി കുറവ് പരിഗണിച്ച് വിലയിൽ ആനുപാതിക കുറവ് ജനങ്ങൾക്ക് ഇതുവരെയും ലഭ്യമായിട്ടില്ല. ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന 1% സെസ്സ് ഇതിൽ തട്ടിക്കഴിക്കാവുന്നതേയുള്ളൂ. എന്നതിനാൽ കാര്യമായ വിലവർദ്ധനവ് പ്രതീക്ഷിക്കുന്നില്ല. |
| (സി) | പ്രളയബാധിതരെ ഇത് ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കൂടാതെ, സെസ്സ് അവസാന ഉപഭോക്തൃവില്പനയിൽ മാത്രമേ ബാധകമായിട്ടുള്ളൂ. കോമ്പോസിഷൻ നികുതി സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരികളെ സെസ് ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ